**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4413** **01-07-2024 - ൽ മറുപടിയ്ക്ക്**

**നിക്ഷേപക സൗഹൃദ സംഗമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനായി 2001 വർഷം മുതൽ ഇതുവരെയായി എത്ര നിക്ഷേപക സംഗമങ്ങൾ നടത്തിയിട്ടുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുക എന്ന ലക്ഷ്യമിട്ട് 2001 മുതൽ ഇതുവരെയായി വ്യവസായ വാണിജ്യ വകുപ്പ്, കെ.എസ്.ഐ.ഡി.സി എന്നിവയുടെ ആഭിമുഖ്യത്തിൽ 723 നിക്ഷേപക സംഗമങ്ങൾ നടത്തിയിട്ടുണ്ട്.<br><br>2002-2003-ൽ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിച്ചിരുന്നു. അതിന്റെ ഭാഗമായി ഏകദേശം 11,000 കോടി രൂപ മുതൽ മുടക്ക് വരുന്ന 96 പദ്ധതികൾക്കുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ടി മീറ്റ് സംഘടിപ്പിക്കുന്നതിന് 5.06 കോടി രൂപ ചെലവായി.<br><br>2011-2012-ൽ എമേർജിങ് കേരള എന്ന നിക്ഷേപ സംഗമം സംഘടിപ്പിച്ചിരുന്നു. അതിന്റെ ഭാഗമായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികളാണ് ഉണ്ടായിരുന്നത്. ബാക്കിയുള്ളവ മേൽനോട്ടത്തിനായി അതാത് വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ടായിരുന്നു. ടി മീറ്റ് സംഘടിപ്പിക്കുന്നതിനു 19.73 കോടി രൂപ ചെലവായി. ടി നിക്ഷപ സംഗമത്തിന്റെ തൊഴിലവസരങ്ങളുടെ കൃത്യമായ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.<br><br>2019-2020, 2020-2021 കാലയളവിൽ ASCEND 2019, ASCEND 2020 എന്നീ വ്യവസായ സംഗമങ്ങൾ കെ.എസ്.ഐ.ഡി.സി സംഘടിപ്പിച്ചിരുന്നു.<br><br>പ്രസ്തുത സംഗമത്തിൽ സംസ്ഥാന സർക്കാരുമായി ധാരണ പത്രം/ താത്പര്യപത്രം ഒപ്പ് വെച്ച 151 പദ്ധതികളിൽ വഴി 1,00,355.43 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചത്, അവയിൽ 47 (2,259.26 കോടി) പദ്ധതികൾ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്, 32 (6010.22 കോടി) പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ നാളിതുവരെ ഇരുപത്തിനായിരത്തിലധികം പേർക്ക് തൊഴിൽ ലഭിച്ചതായി കണക്കാക്കുന്നു.<br><br>കൂടാതെ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ജില്ലാ തലത്തിലും താലൂക്ക് തലത്തിലും MSME സംരംഭകരുടെ നിക്ഷേപ സംഗമങ്ങൾ നടത്തിവരുന്നു. 2001 മുതൽ 2024 വരെയുള്ള കണക്ക് പ്രകാരം ജില്ലാ - താലൂക്ക് തലങ്ങളിലായി 719 നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത് വഴി 6195 സംരംഭങ്ങൾ ആരംഭിക്കുകയും 1454.4 കോടി രൂപയുടെ നിക്ഷേപവും 51158 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത നിക്ഷേപക സംഗമങ്ങൾ നടത്തുന്നതിനായി ആകെ 2.72 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഓരോ നിക്ഷേപക സംഗമത്തിനുമായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | ഓരോ നിക്ഷേപക സംഗമത്തിന്റെയും ഫലമായി എത്ര തുകയുടെ നിക്ഷേപവും എത്ര പേർക്ക് തൊഴിലും ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (ഡി) | ഈ നിക്ഷേപക സംഗമങ്ങൾ സംസ്ഥാനത്തിന് ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | ഉണ്ട്. ഈ നിക്ഷേപക സംഗമങ്ങൾ സംസ്ഥാനത്തിന് ഒട്ടേറെ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുവാനും, നിക്ഷേപകർക്ക് പുതിയ അവസരങ്ങളെപ്പറ്റി മനസ്സിലാക്കുവാനും, വ്യാവസായിക ബന്ധങ്ങൾ കെട്ടിപ്പടുക്കുവാനും, ഒട്ടനവധിപേർക്ക് തൊഴിൽ നേടുവാനും, ഇതിലൂടെ സുസ്ഥിര വികസനം സാധ്യമാകുവാനും നിക്ഷേപ സംഗമങ്ങൾ വഴി സാധിച്ചു. ഇത്തരത്തിലുള്ള നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിച്ചതിലൂടെ, സംസ്ഥാനത്ത് നിക്ഷേപത്തിനും സാമ്പത്തിക അഭിവൃദ്ധിയ്ക്കും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ